# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997, 2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-12-2013

### തസ്തിക നിർണയം:

## അധ്യാപകർ ഇന്ന് വഞ്ചനാദിനം ആചരിക്കും

### നാളെ ഡി പി ഐ-ഡിഡിഇ ഓഫീസ് മാർച്ച്

അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് അധ്യാപകരുടെ ജോലിസംരക്ഷണം ഉറപ്പുവരുത്തുമെന്ന സർക്കാർ വാഗ്ദാനം ലംഘിച്ചതിനെതിരെ കെ എസ് ടി എ നേതൃത്വത്തിൽ അധ്യാപകർ ഇന്ന് (ഡിസംബർ 12) വഞ്ചനാദിനമായി ആചരിക്കും. പുതിയ തസ്തിക നിർണയ ഉത്തരവിലൂടെ അധ്യാപകരെ സർക്കാർ വഞ്ചിച്ചിരിക്കുകയാണ്. സർക്കാർ-എയ്ഡഡ് സ്കൂൾ അധ്യാപകരെ തസ്തിക നഷ്ടപ്പെടുത്തി വഴിയാധാരമാക്കി.

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ഗുണകരമായ വിധത്തിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ അനുപാതം 1:30 ആയി കുറയ്ക്കാനുള്ള സാഹചര്യമാണ് സർക്കാർ നഷ്ടപ്പെടുത്തിയത്. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 അടിസ്ഥാനമാക്കി തസ്തിക നിർണയിക്കാനാണ് പുതിയ സർക്കാർ ഉത്തരവ്. അധികമുള്ള തസ്തികകളിൽ ഒന്നിൽമാത്രം തസ്തിക നഷ്ടപ്പെടുന്നവരെ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ച് ബാക്കിയുള്ള മുഴുവൻ തസ്തികകളിലും മാനേജർമാർക്ക് നിയമനം നടത്താം. തസ്തിക നഷ്ടപ്പെടുന്നവരെ എൽ.പി യിൽ 1:30 ഉം യു.പി യിൽ 1:35 ആയും കണക്കാക്കി നിലനിർത്താൻ ശ്രമിക്കുമെന്നും അതിലും പെടാത്തവരെ അധ്യാപക ബാങ്കിൽ പട്ടികപ്പെടുത്തുമെന്നും ഉത്തരവിൽ പറയുന്നു. കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർക്കു പകരം അധ്യാപകരെ ജോലിയിൽ നിയമിക്കുമെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. ഉത്തരവ് നടപ്പാക്കുമ്പോൾ ആയിരക്കണക്കിന് അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകും. തസ്തിക നഷ്ടപ്പെടുന്ന സർക്കാർ സ്കൂൾ അധ്യാപകരെയും അധ്യാപക ബാങ്കിലേക്ക് മാറ്റുമെന്ന തീരുമാനവും പ്രതിഷേധാർഹമാണ്. സർക്കാർ സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകളെപ്പോലെ തസ്തിക നഷ്ടപ്പെടുന്നവരെ അനുപാതം കുറച്ച് നിലനിർത്തില്ല എന്ന തീരുമാനം ആയിരക്കണക്കിന് സർക്കാർ സ്കൂൾ അധ്യാപകർ ജോലി നഷ്ടപ്പെടാൻ ഇടയാക്കും. പുതിയ പി എസ് സി നിയമനങ്ങളും ഇതോടെ നിലയ്ക്കും. കൂടുതൽ കുട്ടികളുള്ള വിദ്യാലയങ്ങളിൽ കൂടുതൽ അധ്യാപകരെ നിയമിക്കാനുള്ള അവസരവും സർക്കാർ ഈ ഉത്തരവോടെ നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

വഞ്ചനാദിനത്തിന്റെ ഭാഗമായി അധ്യാപകർ ഇന്ന് ബാഡ്ജ് ധരിച്ച് വിദ്യാലയങ്ങളിൽ ഹാജരാവും വൈകുന്നേരം സബ്ജില്ലാകേന്ദ്രങ്ങളിൽ പ്രകടനവും പൊതുയോഗവും സംഘടിപ്പിക്കും. നാളെ (ഡിസംബർ 13) ഡി.പി.ഐ ഓഫീസിലേക്കും എല്ലാജില്ലകളിലും ഡി.ഡി.ഇ ഓഫീസിലേക്കും മാർച്ച് നടത്തും. .

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി